ഭാരതീയ വൈദ്യ

# സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

ജൂലായ് 2002

ചരകത്തിലൂടെ

ധാരാകല്പം

ദശമൂലഹരീതകി

പഠനക്കുറിപ്പുകൾ

സംഭാഷണങ്ങൾ

സ്തനവിദ്രധി

ഫൗണ്ടേഷൻ വാർത്തകൾ

സമകാലികം

ഭാരതീയ വൈദ്യസംവാദം
ജൂലായ് 2002

<u>പ്രസാധനം</u>
വൈദ്യഭൂഷണം കെ. രാഘവൻ
തിരുമുൽപ്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്
രാജവിഹാർ, ചാലക്കുടി
തൃശ്ശൂർ 680307

<u>പത്രാധിപസമിതി</u>
ഡോ. കെ.മുരളി
ഡോ. കെ. മഹേഷ് മേനോൻ
ഡോ. കെ. മുത്തുലക്ഷ്മി
ഡോ. ശശി കൈമൾ
ഡോ. മനോജ് ശർമ്മ

<u>എഡിറ്റർ</u>
ഡോ. എം.പ്രസാദ്

<u>ടൈപ്പ് സെറ്റിങ്ങ് & പ്രിന്റിങ്ങ്</u>
ഡിജിറ്റൽ വർക്ക്സ്റ്റേഷൻ
തൃശ്ശൂർ.

# ഭാരതീയ വൈദ്യ സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

**ചരകത്തിലൂടെ** 6
വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുൽപ്പാട്

51 **ധാരാകല്പം**
ഡോ. കെ. മഹേഷ് മേനോൻ

**ദശമൂലഹരീതകി** 55
എസ്. പരമേശ്വരൻ

61 **പഠനക്കുറിപ്പുകൾ**
ഡോ. കെ. മുരളി

**സംഭാഷണങ്ങൾ** 71

83 **സ്തനവിദ്രധി**
ഡോ. എം.വി. അനിൽകുമാർ

**ഫൗണ്ടേഷൻ വാർത്തകൾ** 87

91 **സമകാലികം**

# ധാരാകല്പം

ഡോ. കെ. മഹേഷ് *

കേരളീയ ചികിത്സാരീതികളെപ്പറ്റി പ്രതിപാദിക്കുന്ന ആയുർവേദ ഗ്രന്ഥങ്ങളെപ്പറ്റിയുള്ള അന്വേഷണം ആരംഭിക്കുന്നത് 'ധാരാകല്പം' എന്നുപേരായ ഒരു ചെറിയ പുസ്തകത്തിൽ നിന്നാണ്. കാലഘട്ടം ഏതെന്ന് കൃത്യമായി നിർണ്ണയിക്കാനാവാത്ത ഈ ഗ്രന്ഥം താളിയോല രൂപത്തിലും അച്ചടിച്ച രൂപത്തിലും പ്രചാരത്തിലുണ്ടായിരുന്നു. പ്രസിദ്ധപ്പെടുത്തിയ ചില സഹസ്രയോഗങ്ങളിൽ അനുബന്ധമായി ഇത് ചേർത്തിട്ടുമുണ്ട്.

ഗ്രന്ഥകർത്താവ് ആരെന്ന് വ്യക്തമായ തെളിവുകൾ ഇല്ലാത്ത ഈ ഗ്രന്ഥം നാല് പാദങ്ങളിലായി 26 ശ്ലോകങ്ങൾ അടങ്ങിയതാണ്. അദ്ധ്യായങ്ങൾ വിഭജിച്ചിട്ടില്ലാത്തതും അങ്ങിങ്ങ് ചില തലക്കെട്ടുകൾ മാത്രം ഉള്ളതുമാണ്. സംസ്കൃതമൂലത്തിന് മലയാളവ്യഖ്യാനവും ചേർത്തിട്ടുണ്ട്.

വന്ദനശ്ലോകത്തിനുശേഷം ധാരയുടെ പ്രയോജനത്തെ വർണ്ണിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്. തുടർന്ന് ധാരപ്പാത്തിയുടെ നിർമ്മാണവിധിയാണ്. പാത്തി നിർമ്മിക്കേണ്ടതായ വൃക്ഷങ്ങൾ, പാത്തിയുടെ കണക്ക് എന്നിവ വിശദമായി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു.

## അഷ്ടാംഗവൈദ്യം : സമഗ്രം ♦ സഫലം ♦ സമ്പൂർണ്ണം

അഷ്ടവൈദ്യൻ തൈക്കാട്ടുമൂസ്സ് - വൈദ്യരത്നം സ്ഥാപനങ്ങൾ
ആയുർവ്വേദ ചികിത്സാരംഗത്തും ഔഷധനിർമ്മാണരംഗത്തും
ശ്രേഷ്ഠമായ പാരമ്പര്യം നിലനിർത്തുന്നു.

# വൈദ്യരത്നം നേഴ്സിംഗ് ഹോം

**(പഞ്ചകർമ്മ ചികിത്സക്ക് കേരളത്തിലെ പ്രസിദ്ധമായ സ്ഥാപനം)**

**(കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് ചികിത്സക്ക് അംഗീകാരം)**

**Phone : 353610, 351843, 352938**

E-mail : nursinghome@vaidyaratnammooss.com

അഷ്ടവൈദ്യൻ തൈക്കാട്ട് മൂസ്സ്

# വൈദ്യരത്നം

## ഔ ഷ ധ ശാ ല

ഒല്ലൂർ - തൈക്കാട്ടുശ്ശേരി, തൃശൂർ ജില്ല

ഫോൺ : 352338, 352329, ഫാക്സ് : 0487-355898

E-mail : mail@vaidyaratnammooss.com

Website : www.vaidyaratnammooss.com

**കേരളത്തിനകത്തും പുറത്തുമായി 14 ബ്രാഞ്ചുകളും**
**500ൽപരം ഏജൻസികളും**

*സഹോദരസ്ഥാപനങ്ങൾ :*

- വൈദ്യരത്നം ആയുർവേദ കോളേജ്.
- വൈദ്യരത്നം ആർ & ഡി ലബോറട്ടറി.
- വൈദ്യരത്നം ഔഷധശാല (പ്രൈ.) ലി.
- വൈദ്യരത്നം ഔഷധോദ്യാനം.

തുടർന്ന് പൂജാദികർമ്മങ്ങളോടെ ധാരാവിധി വർണ്ണിക്കുന്നു. കിണ്ടിയോ കുടമോ ധാരപ്പാത്രമാക്കി ഉപയോഗിക്കേണ്ടവിധവും പരിചാരകർ ധാരസമയത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങളും പരാമർശിച്ചിരിക്കുന്നു. ധാരാദ്രവ്യത്തെപ്പറ്റി പ്രസ്താവിക്കുമ്പോൾ സ്നേഹദ്രവ്യം ദോഷാനുബന്ധമനുസരിച്ച് എപ്രകാരം ഉപയോഗിക്കണമെന്നും പ്രത്യേകം നിർദ്ദേശിക്കുന്നു.

അടുത്തതായി 'തക്രധാര' യെപ്പറ്റിയുള്ള പ്രകരണമാണ്. ധാരാദ്രവ്യം നിർമ്മിക്കേണ്ടവിധം, ധാരചെയ്യേണ്ട വിധി, ധാരയുടെ പ്രയോജനങ്ങൾ, ധാരാകാലത്തെ പത്ഥ്യാപത്ഥ്യങ്ങൾ, ധാരാവസാനത്തിൽ ഘൃതസേവനം എന്നിങ്ങനെ വിശദമായി പ്രതിപാദിക്കുന്നു. 'തക്രധാര' യെപ്പറ്റി ഇത്രയധികം വിശദവും മനോഹരവുമായ വർണ്ണന മറ്റൊരു ഗ്രന്ഥത്തിലും ഉണ്ടെന്ന് തോന്നുന്നില്ല. എന്നിരിക്കിലും തക്രധാരാപ്രയോജനങ്ങളിലെ "കരചരണപരിസ്തോദനം" ശമിക്കുമെന്ന പരാമർശം പിന്നീടുവന്ന ഗ്രന്ഥങ്ങളിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ശീതരൂക്ഷ പ്രധാനമായ ക്രിയ വേദനാശമനമാകുന്നതെങ്ങനെ എന്ന് ചിന്തിച്ചാണ് ചർച്ച തുടങ്ങുന്നത്.

പിഴിഞ്ഞുവീഴ്ത്തലിന്റെ സമയം എത്ര വേണമെന്നും എപ്രകാരം പിഴിച്ചിൽ നിർവ്വഹിക്കണമെന്നും ആണ് തുടർന്ന് പറയുന്നത്. പിഴിച്ചിലിൽ സംഭവിക്കാവുന്ന വ്യാപത്ത് എടുത്തുപറഞ്ഞിട്ടുണ്ട്. അതിന്റെ ചികിത്സയും ഈ സന്ദർഭത്തിൽ വിവരിക്കുന്നു.

'പിഴിഞ്ഞു വീഴ്ത്ത്' എന്നു കാണുന്ന തലക്കെട്ടിനടിയിൽ കായസേകത്തെപറ്റിയാണ് പറയുന്നത്. ദേഹബലത്തിനനുസരിച്ച് ദിവസംതോറുമോ ഒന്നിടവിട്ടോ രണ്ടോ മൂന്നോ ദിവസങ്ങൾ ഇടവിട്ടോ പിഴിച്ചിൽ ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു. ദോഷഭേദേന സ്നേഹദ്രവ്യം ഉഷ്ണമായും ശീതമായും ഉപയോഗിക്കുന്നതിനെപ്പറ്റിയും പ്രസ്താവിക്കുന്നുണ്ട്.

തുടർന്നങ്ങോട്ട് ചില സാമാന്യ നിയമങ്ങൾ ആകുന്നു, ധാരക്കുപയോഗിക്കേണ്ട ദ്രവദ്രവ്യങ്ങൾ എപ്പോൾ മാറ്റണം, എത്രനാൾ ഉപയോഗിക്കാം എന്നിങ്ങനെ. അതിൽത്തന്നെ ഉത്തമ, മദ്ധ്യമ, അധമ വിഭജനവും ചെയ്തിട്ടുണ്ട്. ധാര ചെയ്യാൻ പാടില്ലാത്ത സന്ദർഭങ്ങൾ, സേചനാനന്തരമുള്ള ചര്യകൾ, പേയാദി സേവനം, പത്ഥ്യാഹാരം എന്നിവയും ധാരയുടെ സമയത്തെ നിഷ്ഠകളെപ്പറ്റിയും പറഞ്ഞു കൊണ്ട് ഗ്രന്ഥം സമാപിക്കുകയാണ്.

ഗ്രന്ഥത്തിലെ വിഷയാവതരണത്തിൽ ചില ന്യൂനതകൾ വന്നുചേർന്നതായി കാണാവുന്നതാണ്. ഉദാഹരണമായി തക്രധാരാ പ്രകരണത്തിൽ ഘൃത തൈ സേചനത്തിന്റെ

പ്രയോജനം വർണ്ണിക്കുന്നതും പിഴിഞ്ഞ് വീഴ്ത്തിനെപ്പറ്റി പറയുമ്പോൾ ശിരോധാര എത്ര അംഗുലം ഉയരത്തിൽ നിന്ന് ചെയ്യണമെന്നു പറയുമ്പോഴും കുറച്ചുകൂടി ചിട്ടയായി ക്രമപ്പെട്ടിട്ടുള്ളതായിരുന്നെങ്കിൽ എന്ന് തോന്നിപ്പോകുന്നു.

ഇന്നത്തെ കേരളീയ ചികിത്സാക്രമങ്ങൾ പൂർണ്ണമായും ധാരാകല്പത്തെ ആശ്രയിച്ചാണെന്ന് പറയുവാൻ കഴിയില്ല. എങ്കിലും ആദ്യഗ്രന്ഥമെന്ന നിലയിൽ അതിന്റെ പ്രാധാന്യം വലുതാകുന്നു. പിഴിച്ചിൽ ചെയ്യുമ്പോൾ എപ്രകാരം കിടത്തണമെന്നതിനെപ്പറ്റി ഒന്നും ഇതിൽ പ്രസ്താവിക്കുന്നില്ല. അതുപോലെ ശിരോവസ്തിയെപ്പറ്റിയും കാര്യമായി കാണുന്നില്ല.

കേരളീയ ചികിത്സകൾക്ക് പ്രാധാന്യമേറിവരുന്ന ഈ കാലഘട്ടത്തിൽ ശാസ്ത്രീയമായ ഒരു വീക്ഷണത്തിന് ധാരാകൽപ്പം തീർച്ചയായും പ്രയോജനപ്പെടുന്നതാണ്.

---

* ജില്ലാ സഹകരണ ആയുർവേദ ആശുപത്രി,
തൃശൂർ.


# കണ്ടംകുളത്തി വാസിക ഹെർബൽ കെയർ



ശ്വാസതടസ്സം,തുമ്മൽ,
വിട്ടുമാറാത്ത ചുമ,
കഫക്കെട്ട്



പ്രകൃതിയിലെ അമൂല്യങ്ങളായആയുർവേദ മരുന്നുകളുപയോഗിച്ചു നിർമ്മിച്ച ഈ ഔഷധക്കൂട്ട് ശ്രീ. കെ.പി. പത്രോസ് വൈദ്യർ 50 ലേറെ വർഷക്കാലം രോഗികളിൽ പരീക്ഷിച്ച് ഫലം തെളിയിച്ച അപൂർവ്വങ്ങളായ ആയുർവേദ മരുന്നുകളുടെ ചേരുവയാണ്. ഇത് ശ്വാസകോശങ്ങളിൽ സങ്കോചിച്ചിരിക്കുന്ന ചെറു സ്രോതസുകളിൽ പ്രവർത്തിച്ച് അടിഞ്ഞിരിക്കുന്ന കഫത്തെ ലയിപ്പിച്ച് സ്രോതസുകളിൽ വികാസം ഉണ്ടാക്കി ശ്വാസോച്ഛ്വാസം സുഗമമാക്കുന്നു. തൻമൂലം രോഗിക്ക് ആശ്വാസം ലഭിക്കുന്നു.

കെ.പി. പത്രോസ് വൈദ്യൻസ്
കണ്ടംകുളത്തി വൈദ്യശാല

ഇപ്പോൾ
വിപണിയിൽ
ലഭ്യമാണ്

H.O. കുഴൂർ, തൃശൂർ. ഫോൺ : 0488-779615

ഭാരതീയ വൈദ്യ

# സംവാദം

സബ്സ്ക്രിപ്ഷൻ നിരക്ക്

| | | |
|---|---|---|
| 10 വർഷം | - | രൂ. 500/- |
| 5 വർഷം | - | രൂ. 250/- |
| 1 വർഷം | - | രൂ. 60/- |

ചർച്ചകൾ
ശാസ്ത്ര ലേഖനങ്ങൾ
പഠനക്കുറിപ്പുകൾ

സ്ഥാപനങ്ങൾക്ക് ദീർഘകാല വരിസംഖ്യ - രൂ. 5,000/-
ഫൗണ്ടേഷൻ പ്രവർത്തനങ്ങൾക്ക് രൂ. 1,000/- സംഭാവനയായി
നൽകുന്നവർക്ക് ആജീവനാന്തം പുസ്തകം സൗജന്യം

വിലാസം

എഡിറ്റർ, ഭാരതീയ വൈദ്യസംവാദം
വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ ഫോർ
ആയുർവേദിക് സ്റ്റഡീസ്
രാജവിഹാർ, ചാലക്കുടി, തൃശ്ശൂർ - 680 307.



## അഷ്ടാംഗ സംഗ്രഹം (പ്രകാശികാവ്യാഖ്യാ)

| | | |
|---|---|---|
| 1. | സ്വസ്ഥവൃത്തം | - 75.00 |
| 2. | മൂലസിദ്ധാന്തം | - 75.00 |
| 3. | ദ്രവ്യവിജ്ഞാനം | - 75.00 |
| 4. | ശാരീരം | - 75.00 |
| 5. | കർമ്മപരിചയം | - 96.00 |
| 6. | ശല്യതന്ത്രം | - 80.00 |
| 7. | നിദാനം | - 80.00 |
| 8. | ചികിൽസിതം പൂർവ്വാർദ്ധം | - 80.00 |
| 9. | ചികിൽസിതം പരാർദ്ധം | - 90.00 |
| 10. | ബാലഗ്രഹ ചികിൽസിതം | - 60.00 |
| 11. | ഊർധ്വാംഗ ചികിൽസിതം | - 90.00 |
| 12. | വിഷം, രസായനം, വാജീകരണം | - 90.00 |

**വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപാട്**

REGISTERED WITH THE REGISTRAR OF NEWS PAPERS FOR INDIA
RNI No : KERMAL 10686/11/1/2002-TC

ISO 9001 Registered KPMG Quality Registrar
The Quality Advantage

# Curing body, the way mind desires...

**TREATMENTS FOR**

**ORTHOPAEDIC**
**RHEUMATIC**
**NEUROLOGICAL &**
**SPORTS INJURIES**

SREERANGOM ™
C.V.N. KALARI
CHIKILSAKENDRAM

a traditional ayurvedic kalari hospital
( ISO 9001 Registered )

## ശ്രീരംഗം സി. വി. എൻ. കളരി ചികിത്സാകേന്ദ്രം
## ചമ്പക്കര

ശ്രീരംഗം റോഡ്, കോട്ടയം, കേരളാ - 686 540.
ഫോൺ : 486114, 486115 (Hosp.) 485214 (Fax)
E-mail : sreerangom@satyam.net.in,

www.sreerangomayur.com

ഈ സ്ഥാപനത്തിന്റെ കീഴിൽ മറ്റ് ബ്രാഞ്ചുകളോ ഏജൻസികളോ പ്രവർത്തിക്കുന്നില്ല.

EXUM KTM